**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3788** **12-03-2025 - ൽ മറുപടിയ്ക്ക്**

**തിരുവിഴാംകുന്ന് കോളേജ് ഓഫ് എവിയൻ സയൻസ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എൻ. ഷംസുദ്ദീൻ | | ശ്രീമതി ജെ ചിഞ്ചുറാണി<br>(മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പ് മന്ത്രി) | |
| (എ) | മണ്ണാർക്കാട് മണ്ഡലത്തിലെ തിരുവിഴാംകുന്ന് കോളേജ് ഓഫ് എവിയൻ സയൻസിൽ ഏതെല്ലാം കോഴ്സുകളാണ് നിലവിലുള്ളതെന്ന് അറിയിക്കുമോ; പുതിയ കോഴ്സുകൾ ആരംഭിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ ഇതിന്റെ വിശദാംശം നൽകാമോ; | (എ) | കേരള വെറ്ററിനറി ആൻഡ് അനിമൽ സയൻസസ് സർവകലാശാലയുടെ കീഴിലെ തിരുവിഴാംകുന്ന് കോളേജ് ഓഫ് ഏവിയൻ സയൻസസ് ആൻഡ് മാനേജ്മെന്റ് കോളേജിൽ നിലവിൽ 3 വർഷ B.Sc PPBM കോഴ്സുകളാണ് ഉള്ളത്.<br><br>2025 വർഷം മുതൽ National Education Policy പ്രകാരമുള്ള 4 വർഷ B.Sc PPBM കോഴ്സ് ആരംഭിക്കുന്നുണ്ട്. അതിൽ ഒരു വർഷ Certificate in Poultry Production and Business Management കോഴ്സും, രണ്ട് വർഷത്തെ Diploma in Poultry Production and Business Management കോഴ്സും ഉൾപ്പെടുന്നു. കൂടാതെ M.Sc Poultry Science കോഴ്സ് 2025 അധ്യയന വർഷം മുതൽ ആരംഭിക്കുന്നതുമാണ്. |
| (ബി) | കോളേജ് ഓഫ് എവിയൻ സയൻസിൽ അടുത്ത സാമ്പത്തിക വർഷം നടത്താൻ ഉദ്ദേശിക്കുന്ന വികസന പ്രവർത്തനങ്ങൾ എന്തെല്ലാമാണെന്ന് അറിയിക്കുമോ; ഇതിന്റെ വിശദാംശം ലഭ്യമാക്കുമോ ? | (ബി) | തിരുവിഴാംകുന്ന് ഏവിയൻ സയൻസസ് കോളേജിലെ ഗവേഷക വിദ്യാർത്ഥികൾ ക്കായി മെച്ചപ്പെട്ട സൗകര്യങ്ങളോട് കൂടി ഒരു ഹോസ്റ്റൽ അടുത്ത സാമ്പത്തിക വർഷത്തിൽ ഏകദേശം 90 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് തുകയ്ക്ക് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ട് |

സെക്ഷൻ ഓഫീസർ